**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 327** | **17-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പരിസരത്തെ ലഹരി വിൽപന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളുടെ സമീപത്തുള്ള കടകളിൽ മിഠായിയിലും ഐസ്ക്രീമിലും അടക്കം ലഹരി കലർത്തി വിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മിഠായിയിലും ഐസ്ക്രീമിലും ലഹരി കലർത്തി വിൽക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നെല്ലിക്കോട് വില്ലേജിൽ പൊറ്റമ്മൽ - പാലാഴി റോഡിൽ പൊറ്റമ്മൽ ജംഗ്ഷന് സമീപം പെട്ടിക്കട നടത്തുന്ന ഉത്തർപ്രദേശ് സ്വദേശി ആകാശ് സോൺവറെ കഞ്ചാവ് അടങ്ങിയ 96.8 ഗ്രാം മിഠായി കച്ചവടം ചെയ്യാനായി സൂക്ഷിച്ചിരുന്നത് പിടിച്ചെടുത്ത് ടിയാന്റെ പേരിൽ 20 (b) II (A) of NDPS Act 1985 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോട്ടയം ഡിവിഷനിൽ ഒരു പോലീസ് കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിന് സ്കൂളുകളുടെ സമീപത്തുള്ള കടകളിൽ ലഹരി പദാർത്ഥങ്ങൾ വിൽക്കാതിരിക്കുന്നതിന് ആവശ്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. മുൻ കാലങ്ങളിൽ പരാതി ഉണ്ടായിരുന്ന കടകൾ പ്രത്യേകം നിരീക്ഷിക്കുകയും, അത്തരം കടകളിൽ നിരന്തരം പരിശോധനകൾ നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ തുടർച്ചയായി ലഹരി വസ്തുകൾ വില്പന നടത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് വേണ്ട നടപടികളും സ്വീകരിച്ച വരുന്നുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ലഹരി വ്യാപനം തടയുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തിയ ജനജാഗ്രത സമിതികൾ എല്ലാ സ്കൂളുകളിലും പ്രവർത്തിച്ച വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കോട്ടയത്ത് നാല് വയസ്സുകാരൻ സ്കൂളിൽ നിന്നും കഴിച്ച ചോക്ലേറ്റിൽ ലഹരിയുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്ത ഉടൻ തന്നെ കോട്ടയം എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ടി സ്കൂളിലും പരിസരങ്ങളിലും കുട്ടിയുടെ താമസസ്ഥലത്തും അന്വേഷണം നടത്തിയിരുന്നു. കുട്ടി അന്നേ ദിവസം അബാക്കസിന്റെ ക്ലാസ്സിൽ പോയിരുന്നുവെന്നും അവിടെവച്ച് ഡയറി മിൽക്ക് മിഠായി കഴിച്ചതായും അന്വേഷണത്തിൽ കണ്ടെത്തി. ടി മിഠായി കൂടാതെ ചോറ്, ചിക്കൻ, തൈര്, ഓറിയോ ബിസ്കറ്റ് എന്നിവ അന്നേ ദിവസം കുട്ടി കഴിച്ചിട്ടുള്ളതായും അറിയാൻ കഴിഞ്ഞു. ലാബ് റിപ്പോർട്ട് പരിശോധിച്ചതിൽ, കുട്ടിയുടെ മൂത്ര സാമ്പിളിൽ Benzodiazepine Compound പോസിറ്റീവ് ആയി കാണപ്പെട്ടിരുന്നു. അന്നേ ദിവസം കുട്ടിയുടെ സഹപാഠിയും പ്രസ്തുത മിഠായിയുടെ പങ്ക് കഴിച്ചിട്ടുണ്ടെന്നും, എന്നാൽ സഹപാഠിയായ കുട്ടിക്ക് യാതൊരുവിധ ശാരീരിക ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടിട്ടില്ലെന്നും അറിയാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് നിലവിൽ പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണം കൂടുതൽ ശക്തമാക്കുകയും പോലീസ്, ആരോഗ്യം, ഭക്ഷ്യ വകുപ്പുകളുമായിച്ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുകയും ചെയ്യുന്നുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വേണ്ട മുൻ കരുതലുകൾ എടുക്കുകയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു . |
| (സി) | മെഡിക്കൽ സ്റ്റോറുകളിൽനിന്നും സിന്തറ്റിക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ കുട്ടികൾ വാങ്ങുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് തടയാൻ ആരോഗ്യ വകുപ്പുമായി ചേർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ? | (സി) | മെഡിക്കൽ സ്റ്റോറുകളിൽ നിന്നും സിന്തറ്റിക്ക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ കുട്ടികൾ നേരിട്ട് വാങ്ങിയതായി നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ സിന്തറ്റിക്ക് ഡ്രഗ്സ് കുട്ടികളിൽ എത്തിപ്പെടുന്നത് അതീവ ഗൗരവത്തോടെയാണ് എക്സൈസ് വകുപ്പ് കാണുന്നത്. ആരോഗ്യ വകുപ്പുമായി ചേർന്ന് എല്ലാ റേഞ്ച് തലത്തിലും സർക്കിൾ തലത്തിലും സ്കൂൾ പരിസരത്തെ കടകളിലും ഒഴിഞ്ഞ പ്രദേശങ്ങളിലും കൃത്യമായ ഇടവേളകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു.<br><br>ലഹരിവസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെട്ട അപകട സാധ്യതകളെക്കുറിച്ചും മരുന്നുകളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കുട്ടികൾക്കും കൗമാരക്കാർക്കും കൗൺസിലിംഗും ബോധവത്ക്കരണവും നൽകുക, വിമുക്തിയുമായി ബന്ധപ്പെട്ട് പരാതികൾ നൽകുന്ന 'നേർവഴി'യുടെ നമ്പർ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ പ്രചരണം |

| | | | |
|---|---|---|---|
| | | | നടത്തുക, ദുരുപയോഗം ചെയ്തേക്കാവുന്ന സിന്തറ്റിക്ക് ഡ്രഗ്സിന് സമാനമായ മരുന്നുകൾ വാങ്ങുന്നതിന് കർശനമായ പ്രായപരിധിയും പരിശോധനാ നടപടിക്രമവും നടപ്പിലാക്കുക, മരുന്നുകളുടെ പർച്ചേസ് വിവരങ്ങൾ, മരുന്ന് വാങ്ങുന്നയാളുടെ വിവരങ്ങൾ (ആധാർ/ തിരിച്ചറിയൽ രേഖ), പ്രിസ്ക്രിപ്ഷൻ എന്നിവ ഓൺലൈൻ ആയി രേഖപ്പെടുത്താൻ കഴിയുന്ന ഡിജിറ്റൽ മാർഗ്ഗങ്ങൾ ഓരോ മരുന്ന് വിതരണ കേന്ദ്രങ്ങളിലും സ്ഥാപിച്ച് ഇത്തരം മരുന്നുകളുടെ ക്രയവിക്രയം കണ്ടെത്തുക, മെഡിക്കൽ സ്റ്റോറുകൾക്കും ഫാർമസികൾക്കും നിയന്ത്രിത വസ്തുക്കളുടെ വിൽപ്പനയെക്കുറിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നീ കാര്യങ്ങൾ ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുവാൻ എക്സൈസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ